https://etapp.kwa.kerala.gov.in/

കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല കണക്ഷൻ, സീവേജ് കണക്ഷൻ, ശുദ്ധജല കണക്ഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്നിവയ്ക്കായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനമാണ് ഇടാപ്പ്. https://etapp.kwa.kerala.gov.in/ എന്ന ലിങ്ക് ഉപയോഗിച്ച് ഇടാപ്പ് വഴി അപേക്ഷകൾ സമർപ്പിക്കാൻ സാധിക്കും. ഇതിനായി ഓരോ ഉപഭോക്താക്കളും ഒരു account ഇടാപ്പിൽ തുടങ്ങേ താണ്. അക്ഷയ, ജന സേവന കേന്ദ്രങ്ങൾ മുഖാന്തിരവും ഉപഭോക്താക്കൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

1. Account തുടങ്ങുന്ന വിധം




- https://etapp.kwa.kerala.gov.in/ എന്ന ലിങ്കിൽ പ്രവേശിക്കുക.
- ക്രിയേറ്റ് account എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.




- പേര്, ഇമെയിൽ അഡ്രസ്, മൊബൈൽ നമ്പർ, പാസ്സ്‌വേർഡ് എന്നിവ നൽകിയതിന് ശേഷം രജിസ്റ്റർ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
- രെജിസ്ട്രേഷൻ സക്സസ് എന്ന മെസ്സേജ് ലഭിക്കുന്നതോടെ account ക്രിയേറ്റ് ആകും.
- ഒരു ഇമെയിൽ അഡ്രസ്, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് ഒരു account മാത്രമേ ക്രിയേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളു.

2. സേവനങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കുന്നത്




- ഇടാപ്പിൽ account ക്രിയേറ്റ് ചെയ്ത സമയത്ത് നൽകിയ ഇമെയിൽ അഡ്രസ്, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യുക.




- കൺസ്യൂമർ ഡാഷ്ബോർഡിൽ കൺസ്യൂമർ സർവിസസ് എന്നതിന് താഴെയായി കാണുന്ന അപ്ലൈ ന്യൂ എന്ന ലിങ്കിൽ ക്ലിക്ക് ചെയുക.




- ഉപഭോക്താവിന്റെ മൊബൈൽ നമ്പർ നൽകിയ ശേഷം സെൻറ് ഒ.ടി.പി. എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- നൽകിയ മൊബൈൽ നമ്പറിൽ ലഭിച്ച ഒ.ടി.പി. എന്റർ ചെയ്ത ശേഷം നെക്സ്റ്റ് എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- ഒന്നിലധികം കണക്ഷനുകൾ ഉള്ള ഉപഭോക്താവാണ് എങ്കിൽ സേവനം ആവശ്യമുള്ള കൺസ്യൂമർ ഐഡി സെലക്ട് ചെയ്യുക.




- തുടർന്ന് ആവശ്യമുള്ള സേവനം തിരഞ്ഞെടുക്കുക, മീറ്റർ റീഡിങ്, തിരിച്ചറിയൽ രേഖ, സേവനവുമായി ബന്ധപ്പെട്ട രേഖകൾ, എന്നിവയുടെ ഫോട്ടോ അപ്ലോഡ് ചെയ്ത് സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക.




- തുടർന്ന് അപേക്ഷ സമർപ്പിക്കപ്പെട്ടതിന്റെ വിവരങ്ങൾ പേജിൽ കാണാൻ സാധിക്കും, കൂടാതെ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകിയ മൊബൈൽ നമ്പറിൽ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ എസ്. എം. എസ്. ആയി ലഭിക്കുകയും ചെയ്യും.










- സമർപ്പിച്ചിട്ടുമുള്ള അപേക്ഷയുടെ വിവരങ്ങൾ ഇടാപ്പിൽ account ക്രിയേറ്റ് ചെയ്ത സമയത്ത് നൽകിയ ഇമെയിൽ അഡ്രസ്, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് പരിശോധിക്കാവുന്നതാണ്.

- അപേക്ഷയുടെ നടപടിക്രമങ്ങൾ ഓഫീസിൽ പൂർത്തിയാകുന്ന മുറയ്ക്ക് വാട്ടർ ചാർജ്ജും, ഫീസും ഓൺലൈൻ ആയി അടയ്ക്കുന്നതിനുള്ള വിവരം ഉപഭോക്താവിന്റെ ഡാഷ്ബോർഡിലും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും ലഭിക്കും.







- ഇത് പ്രകാരം ക്വിക്ക്പേ (https://epay.kwa.kerala.gov.in/quickpay) മുഖാന്തിരം തുക അടയ്ക്കുക.
- തുടർന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിച്ച് സേവനം കൃത്യമായി ലഭിച്ചു എന്ന് സാക്ഷ്യപ്പെടുത്തും.
- സമർപ്പിച്ചിട്ടുമുള്ള അപേക്ഷയുടെ വിവരങ്ങൾ ഇടാപ്പിൽ account ക്രിയേറ്റ് ചെയ്ത സമയത്ത് നൽകിയ ഇമെയിൽ അഡ്രസ്, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് പരിശോധിക്കാവുന്നതാണ്, കൂടുതൽ വിവരങ്ങൾക്കായി അപേക്ഷ സമർപ്പിക്കപ്പെട്ട ഓഫീസിൽ ബന്ധപ്പെടുകയോ, etappkwa@gmail.com എന്ന ഇമെയിൽ ഐ.ഡി.യിൽ മെയിൽ ചെയ്യുകയോ, 1916, 09188127955 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.